# മാരാമൺ കൺവൻഷൻ- ചരിത്രത്തിലൂടെ

അഡ്വ. ജോൺ ജോസഫ് നല്ലൂർ

1888-ൽ സ്ഥാപിതമായ മലബാർ മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനി സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിലാണ് മാരാമൺ കൺവൻഷൻ പമ്പാനദിയുടെ മണൽപ്പരപ്പിൽ നടത്തപ്പെടുന്നത്. ഒന്നാമത്തെ മാരാമൺ കൺവൻഷൻ 1895 മാർച്ച് മാസം 9 മുതൽ 18 വരെയുള്ള തീയതികളിൽ (10 ദിവസം) മാരാമൺ മാർത്തോമ്മാ പള്ളിക്കടുത്ത് ആറന്മുള ക്ഷേത്രത്തിന് വടക്കു വശത്തുള്ള മണൽപ്പുറത്തു നടത്തപ്പെട്ടു. കാലാന്തരത്തിൽ അവിടെ നിന്നും പരപ്പുഴ മണൽപ്പുറത്തേക്കും തുടർന്നു ഇപ്പോഴത്തെ സ്ഥലത്തേക്കും സ്ഥലം മാറി യോഗം നടത്തി വരുന്നു. ഒരു വർഷം മാരാമൺ പള്ളിമുറ്റത്തു വച്ചും യോഗം നടക്കുകയുണ്ടായി. ആദ്യ യോഗത്തിന് 7000 പേർക്ക് ഇരിക്കാവുന്ന പന്തൽ ക്രമീകരിച്ചിരുന്നു. അന്നത്തെ മാർത്തോമ്മാ മെത്രാപ്പോലീത്താ ആയിരുന്ന തീത്തൂസ് ഒന്നാമൻ തിരുമേനിയുടെ കല്പനപ്രകാരം 'പെന്തിക്കോസ്തു കൺവൻഷൻ' എന്ന പേരിൽ നടത്തപ്പെട്ട യോഗങ്ങളിലെ പ്രധാന പ്രസംഗകർ സിലോണിൽ (ശ്രീലങ്ക) നിന്നുള്ള വി.ഡി. ഡേവിഡ്, എൽ.എൻ. വേഡ്സ്വർത്ത് എന്നീ ഉണർവു പ്രസംഗകർ ആയിരുന്നു. കുന്നംകുളത്തുകാരൻ കാക്കശ്ശേരി വറുഗീസ് ശെമ്മാശൻ ഇംഗ്ലീഷിൽ ഉള്ള ഇവരുടെ പ്രസംഗം പരിഭാഷപ്പെടുത്തി.

1899 മുതൽ 1912 വരെയുള്ള 14 വർഷത്തെ പ്രധാന പ്രസംഗകൻ തിരുനൽവേലിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ചർച്ച് മിഷനറി സൊസൈറ്റിയിലെ പട്ടക്കാരനായിരുന്ന റവ. തോമസ് വാക്കർ ആയിരുന്നു. ദൈവവചനത്തിന്റെ പ്രാധാന്യവും മിഷനറി പ്രവർത്തനത്തിന്റെ ആവശ്യകതയും അദ്ദേഹം എടുത്തു കാട്ടി. മാർത്തോമ്മാ സഭയിലെ പല മിഷനറി പ്രവർത്തനങ്ങളും ആരംഭിക്കുവാൻ ഇത് മുഖാന്തിരമായി.

ഭാരതീയ ക്രിസ്ത്യൻ മിഷനറിയായ സാധു സുന്ദർസിംഗ് (1889-1929) 1917ലെ കൺവൻഷൻ യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. ഹിന്ദിയിൽ ഉള്ള അദ്ദേഹത്തിന്റെ പ്രസംഗം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തത് അന്നത്തെ തിരുവിതാംകൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന എം. ഓ ഉമ്മൻ ആയിരുന്നു. സാധു സുന്ദർ സിംഗിന്റെ പ്രസംഗം കേൾക്കുവാൻ തടിച്ചു കൂടിയ ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ പലതവണ പന്തലിന്റെ വലിപ്പം വർദ്ധിപ്പിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ അവസാനയോഗത്തിൽ 32000 പേർ സംബന്ധിച്ചു.

1895 മുതൽ 1916 വരെ സ്ത്രീകൾക്കും രാത്രിയോഗങ്ങളിൽ പ്രവേശനം അനുവദിച്ചിരുന്നു. എന്നാൽ 1917 മുതൽ രാത്രി യോഗങ്ങളിൽ സംബന്ധിക്കുന്നതിന് സ്ത്രീകളെ അനുവദിക്കുന്നില്ല.

ആദ്യകാലങ്ങളിൽ പടിഞ്ഞാറൻ പ്രദേശത്തുള്ള ധാരാളം ആളുകൾ കുടുംബസമേതം കെട്ടുവള്ളങ്ങളിൽ വന്ന് പമ്പാനദിയിൽ തന്നെ താമസിച്ച് യോഗങ്ങളിൽ സംബന്ധിച്ചിരുന്നു. മാരാമൺ, കുറിയന്നൂർ, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി പ്രദേശങ്ങളിലെ എല്ലാ വീടുകളിലും കൺവൻഷനു സംബന്ധിക്കുന്ന ബന്ധുമിത്രാദികൾക്ക് താമസസൗകര്യം ഒരുക്കിയിരുന്നു. പ്രാരംഭ വർഷങ്ങളിൽ 'ചോറ് കട'കളും 'കാപ്പിക്കട'കളും മണൽപ്പുറത്ത് ഉണ്ടായിരുന്നു. 1920 കാലഘട്ടത്തിലെ പ്രസിദ്ധമായ എടത്വാക്കാരൻ കുഞ്ഞംവർക്കി ചേട്ടന്റെ ചോറ് കടയിൽ ഒരു രൂപായ്ക്ക് 14 ഊണും 228 ചക്കരകാപ്പിയും ലഭിച്ചിരുന്നു.

1940-ൽ പേഷ്ക്കാർ സി. കെ. മാത്തന്റെ സഹായത്താൽ കൺവൻഷൻ സ്ഥലം സർക്കാരിൽ നിന്നും 100 രൂപാ കരത്തിന് പതിച്ചു ലഭിക്കുകയുണ്ടായി.

1936 മുതൽ കൺവൻഷന് ഉച്ചഭാഷിണി ഉപയോഗിക്കുന്നു. ഡോ.സ്റ്റാൻലി ജോൺസിന്റെ അപേക്ഷപ്രകാരം അമേരിക്കയിലുള്ള ഒരു ക്രിസ്തീയ സംഘടന സംഭാവന ചെയ്തതാണ് ഈ മൈക്ക് സെറ്റ്. 1895 മുതൽ ഇന്നു വരെ കൺവൻഷന്റെ സമാപനഗാനമായി പാടുന്നത് വിദ്വാൻ കുട്ടിയച്ചന്റെ (റവ. യുസ്തോസ് ജോസഫ് 1835-1887) 'സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ' എന്ന ഗാനമാണ്. കൺവൻഷന്റെ സമാപനയോഗത്തിൽ സംബന്ധിക്കുന്ന എല്ലാവരും എഴുന്നേറ്റ് നിന്ന് ഈ ഗാനം പാടുന്നു. 120 വർഷമായ ഈ പതിവ് ഇന്നും തുടരുന്നു.

കൺവൻഷന്റെ പ്രാസംഗികർ സാധാരണയായി ക്രിസ്തീയനേതാക്കന്മാരാണ് എന്നാൽ 1936 മാർച്ച് മാസം 9-ാം തീയതി നടന്ന യോഗത്തിൽ ഈഴവസമുദായ നേതാവും കേരളകൗമുദി പത്രത്തിന്റെ സ്ഥാപകനുമായ സി.വി. കുഞ്ഞിരാമൻ പ്രസംഗിക്കുകയുണ്ടായി. ഒരു വർഷം വിദേശികളായ പ്രാസംഗികർ ആരും വന്നെത്തിയില്ല. ആ വർഷത്തെ ഏതാണ്ട് മുഴുവൻ പ്രസംഗങ്ങളും കാലം ചെയ്ത അലക്സാണ്ടർ തിരുമേനിയുടെ പിതാവ് കുറിയന്നൂർ മാളിയേക്കൽ എം.സി. ജോർജ്ജ് അച്ചനായിരുന്നു നടത്തിയത്.

മാർത്തോമ്മാസഭയിലെ പല സംഘടനകളും, സ്ഥാപനങ്ങളും കൺവൻഷനോട് അനുബന്ധിച്ച് ആരംഭിച്ചിട്ടുള്ളതാണ്. സണ്ടേസ്കൂൾ സമാജം (1905) സേവികാസംഘം (1919) സന്നദ്ധ സുവിശേഷസംഘം (1925) വൈദികസെമിനേരി (1926) യുവജനസഖ്യം (1933)കുമ്പനാട് ധർമ്മഗിരി മന്ദിരം മുതലായവയുടെ ആരംഭം കൺവൻഷനുമായി ബന്ധപ്പെട്ടിരിക്കുന്നു. 1948-ൽ കോഴഞ്ചേരി പാലം പണിയുന്നത് വരെ ഇരുകരകളേയും ബന്ധിപ്പിക്കാൻ ധാരാളം കെട്ടുവള്ളങ്ങൾ ഉണ്ടായിരുന്നു.

പന്തലിന്റെ നിർമ്മാണത്തിന് ആവശ്യമായ ഓല കുറിയന്നൂർ, മാരാമൺ, കോഴഞ്ചേരി, ഇലന്തൂർ മുതലായ സമീപ ഇടവകകളിൽ നിന്നും സംഭാവനയായി ലഭിക്കുന്നു. അച്ചടിച്ച പാട്ടുപുസ്തകങ്ങൾ നിലവിലില്ലാതിരുന്ന ആദ്യകാലങ്ങളിൽ ആഞ്ഞിലിത്താനം വർക്കി ഉപദേശിയും അങ്ങാടിക്കൽ അമ്പലവേലിൽ വറുഗീസ് ഉപദേശിയും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയിരുന്നു. 1905 മുതൽ കൺവൻഷന്റെ പ്രസംഗങ്ങൾ പ്രിന്റ് ചെയ്തു പിറ്റേ ദിവസം തന്നെ ലഭിക്കത്തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

എല്ലാ യോഗങ്ങളിലും സ്തോത്രകാഴ്ച എടുക്കുന്ന പതിവ് വളരെ സമയം വേണ്ടി വന്ന പ്രക്രിയയായിരുന്നു. എന്നാൽ 1956 മുതൽ പ്രധാനപ്പെട്ട ദിവസങ്ങളിലെ യോഗങ്ങളിൽ മാത്രം സ്തോത്രകാഴ്ച എടുക്കുന്നു. ലഭിക്കുന്ന സ്തോത്രകാഴ്ച പല ക്രിസ്തീയസംഘടനകൾക്കായി വീതിച്ചു നൽകുന്നു. 1951 മുതൽ സുവിശേഷവേലയ്ക്കായി കുട്ടികളെ പ്രതിഷ്ഠിക്കുന്ന ശുശ്രൂഷയും നടത്തപ്പെടുന്നു.

സഭാവ്യത്യാസമില്ലാതെ ജാതിവ്യത്യാസമില്ലാതെ എല്ലാവർക്കും കൺവൻഷൻ യോഗങ്ങളിൽ സംബന്ധിക്കാവുന്നതാണ്. ഒരു സഭയുടെയും ഉപദേശങ്ങൾക്ക് അവിടെ ഊന്നൽ നൽകുന്നില്ല. ദൈവവചനം പ്രസംഗിക്കുകയാണ് കൺവൻഷന്റെ ലക്ഷ്യം.

തോമസ് വാക്കർ, സുന്ദർസിംഗ്, ജി.എസ്. എഡ്ഡി, ചാൾസ് ഇൻവുഡ്, സ്റ്റാൻലി ജോൺസ്, കഗാവാ, സ്റ്റീഫൻ നീൽ, ജെ.റ്റി.സിമൺസ്, എഡ്വിൻ ഓർ, എ.ബി. മസിലാമണി, മുതലായവർ കൺവൻഷന് പ്രാസംഗികരായിരുന്നിട്ടുണ്ട്

കൺവൻഷന്റെ ശതാബ്ദി 1995-ൽ ആഘോഷിച്ചു. സമാപന സമ്മേളനത്തിൽ കാന്റർബറി ആർച്ച് ബിഷപ്പ് ഡോ. ജോർജ്ജ് കേറി സംബന്ധിച്ചിരുന്നു. ശതാബ്ദിയോടനുബന്ധിച്ചു തപാൽവകുപ്പ് പ്രത്യേകം തപാൽ കവറുകൾ പ്രസിദ്ധീകരിച്ചു. കൺവൻഷന്റെ ആരംഭം മുതൽ ഇന്നു വരെ സർക്കാരിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നു.

കൺവൻഷൻ യോഗങ്ങളിൽ സംബന്ധിക്കുന്ന ഓരോരുത്തരും അച്ചടക്ക കാര്യങ്ങളിൽ സഹകരിക്കുന്നത് കൊണ്ട് കൺവൻഷൻ പന്തലിനും സമീപത്തും പോലീസിന്റെ സാന്നിദ്ധ്യം ഇല്ല എന്നുള്ളത് കൺവൻഷന്റെ എറ്റുത്തു പറയത്തക്ക പ്രത്യേകതയാണ്.

കൺവൻഷന് ഇന്ന് ആഗോള അംഗീകാരം ലഭിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയ കൺവൻഷനുകളിൽ ഒന്നായി ഈ മഹാ പ്രസ്ഥാനം ഇന്നും ആയിരങ്ങൾക്ക് ആദ്ധ്യാത്മിക വെളിച്ചം നൽകിക്കൊണ്ടിരിക്കുന്നു.